പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: * 120 — 13/12/2012-ൽ മറുപടി നൽകേണ്ടത്

## ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനി കൈവശം വച്ചിട്ടുള്ള ഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ<br>ശ്രീ.എ.കെ. ബാലൻ<br>ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ.സാജു പോൾ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനി സംസ്ഥാനത്ത് വിവിധ ഇടങ്ങളിലായി കൈവശം വച്ചിട്ടുള്ള ഭൂമിയുടെ ഉടമസ്ഥത പരിശോധിക്കപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ലാന്റ് റവന്യൂ അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമായിരുന്നെന്ന് വിശദമാക്കുമോ; | (ബി) ലാന്റ് റവന്യൂ അസിസ്റ്റന്റ് കമ്മീഷണർ സർക്കാരിലേക്ക് സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ അനുബന്ധം : ആയി ചേർക്കുന്നു. |
| (സി) സർക്കാർ നിയോഗിച്ചതനുസരിച്ച് റിട്ട. ജഡ്ജി ശ്രീ. മനോഹരൻ വിശദമായ പരിശോധനയ്ക്ക് ശേഷം എന്തെല്ലാം സംഗതികൾ കണ്ടെത്തുകയുണ്ടായി;വിശദമാക്കുമോ; | (സി) ജസ്റ്റീസ് സി മനോഹരൻ പ്രധാനമായും 07/12/2007ലെ ഉത്തരവ് പ്രകാരം രൂപീകൃതമായ ഹൈലെവൽ കമ്മിറ്റി അന്വേഷണ റിപ്പോർട്ടിന്റെ നിയമസാധുത പരിശോധിക്കുന്നതിനുവേണ്ടിയാണ് നിയോഗിക്കപ്പെട്ടത്. പ്രസ്തുത നിയമോപദേശത്തിൽ പാട്ടത്തിന് നൽകപ്പെട്ട ഭൂമിയുടെ കൈമാറ്റം നടന്നിട്ടുണ്ടെങ്കിൽ ആയതിൽ 1957ലെ ഭൂ സംരക്ഷണ നിയമ പ്രകാരം കക്ഷികളെ ഒഴിപ്പിക്കണമെന്നാണ് പ്രധാനമായും നിർദ്ദേശിച്ചത്. |
| (ഡി)എച്ച്.എം.എല്ലിനെതിരെ ഹൈക്കോടതിയിൽ ഫയൽ ചെയ്ത പെറ്റീഷനിലെ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നെന്നും വിശദമാക്കുമോ; | (ഡി) സർക്കാർ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത O.P No.3508/11ലെ ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>i)വൈത്തിരി താലൂക്ക് ലാന്റ്ബോർഡിന്റെ മുമ്പാകെയുള്ള TLB (SW)37/8- ാം നമ്പർ കേസിലെ എല്ലാ റിക്കാർഡുകളും ഹൈക്കോടതിയുടെ പരിഗണനയ്ക്ക് വിളിപ്പിക്കുകയും ആയത് നിയമവിരുദ്ധമായതിനാൽ റദ്ദാക്കുകയും ചെയ്യണം |

ii) ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 228 അനുസരിച്ച് പ്രസ്തുത വിഷയം പരിശോധിക്കണം.

iii) പ്രതിഭാഗത്തിന്റെ കൈവശമുള്ള ഭൂമി Kerala Escheat & Forfeiture Act പ്രകാരം റദ്ദാക്കുകയും, സർക്കാർ ഭൂമിയായി സംരക്ഷിക്കുന്നതിനുമുള്ള അനുവാദം.

iv) FERA യുടെയും കേരളത്തിലെ ഭൂ നിയമങ്ങളുടെയും ലംഘനമുണ്ടായ സാഹചര്യത്തിൽ പൊതുജന താൽപര്യാർത്ഥം ഭൂമി തിരികെ സർക്കാരിൽ നിക്ഷിപ്തമാക്കണം.

(ഇ)ഹൈക്കോടതി ഇതിനകം എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ എന്താണെന്നു വെളിപ്പെടുത്തുമോ; ഇതിനിടയാക്കിയ സാഹചര്യം വ്യക്തമാക്കുമോ;

(ഇ) സർക്കാർ ഫയൽ ചെയ്ത O.P.3508/11 എന്ന കേസിൽ ഉണ്ടായ താൽക്കാലിക ഉത്തരവുകൾ താഴെ പറയുന്നു.

i. ഹാരിസൺ മലയാളം കമ്പനി സർക്കാരിലേക്ക് തിരിച്ചു നൽകാമെന്ന് സമ്മതിച്ച വിവിധ ജില്ലകളിലെ 834.53 ഏക്കർ ഭൂമി ഏറ്റെടുക്കാൻ ബഹു.ഹൈക്കോടതി നിർദ്ദേശിച്ചു.

ii. 20 കോടി രൂപയുടെ ബാങ്ക് ഗാരന്റിയോടെ റബ്ബർ മരങ്ങൾ മുറിക്കാനുള്ള അനുമതി ഹാരിസൺ മലയാളം കമ്പനിക്ക് നൽകിയിട്ടുണ്ട്.

സർക്കാർ ഫയൽ ചെയ്ത O.P.3508/11 എന്ന കേസിൽ തീരുമാനം ഉണ്ടായതിനുശേഷം മാത്രമേ കമ്പനി ഫയൽ ചെയ്ത MCA 34/2012 & connected case-ൽ തീരുമാനം എടുക്കാൻ പാടുള്ളൂ എന്ന് 01/11/2011ലെ ഹൈക്കോടതിയുടെ തീരുമാനം ഉണ്ടായിട്ടുണ്ട്. സർക്കാർ ഫയൽ ചെയ്ത കേസ് ബലപ്പെടുത്തുന്നതിനുവേണ്ടിയാണ് ഇപ്രകാരം ഒരു കോടതി വിധിക്കുവേണ്ടി സർക്കാർ ശ്രമിച്ചത്.

(എഫ്)ഭൂമി മൊത്തം ഏറ്റെടുക്കാതെ ഭാഗികമായി വിട്ടു തരുന്നത് മാത്രം ഏറ്റെടുക്കുന്നത് സംസ്ഥാനത്തിന്റെ താല്പര്യത്തിന് എപ്രകാരമാണ് ഗുണകരമാകുന്നത്; ഇത് കമ്പനിയുടെ കയ്യിൽ അവശേഷിക്കുന്ന അനധികൃത ഭൂമിക്കെല്ലാം നിയമസാധുത നൽകാനിടയാകുമോ;

(എഫ്) HMLന്റെ കൈവശമുള്ള മുഴുവൻ ഭൂമിയും ഏറ്റെടുക്കുന്നതിലേക്കായാണ് സർക്കാർ ബഹു.ഹൈക്കോടതി മുമ്പാകെ O.P.(C) 3508/11 ആയി കേസ് ഫയൽ ചെയ്തിട്ടുള്ളത്. HML കമ്പനിയിൽ നിന്നും ഭാഗികമായി ഭൂമി ഏറ്റെടുത്തത് ബഹു.ഹൈക്കോടതിയുടെ നിർദ്ദേശാനുസരിച്ചാണ്.

(ജി) പ്രസ്തുത കേസ്സിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ?

(ജി) പ്രസ്തുത കേസ് ഇപ്പോൾ ബഹു.ഹൈക്കോടതിയുടെ സജീവ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ

ശുപാർശകൾ

1. ബേസിക് ടാക്സ് രജിസ്റ്റർ, പഴയ തണ്ടപ്പേരു കണക്ക്, റീസർവ്വെ തണ്ടപ്പേരു കണക്ക്, കമ്പനി താലൂക്ക് ലാന്റ് ബോർഡ് മുൻപാകെ ഫയൽ ചെയ്ത സീലിംഗ് റിട്ടേൺ, കമ്പനിക്ക് ഭൂമി ലഭിച്ചതായി പറയുന്ന ആധാരങ്ങൾ എന്നിവയിലെ ഭൂമിയുടെ കണക്കുകൾ തമ്മിലുള്ള ഒരു താരതമ്യ പഠനം നടത്തിയപ്പോൾ (വില്ലേജ് തിരിച്ചുള്ള പട്ടിക കാണുക) ഒരൊറ്റ വില്ലേജിൽ പോലും ഭൂമിയുടെ വിസ്തീർണ്ണങ്ങൾ പരസ്പരം പൊരുത്തപ്പെടുന്നവയല്ല എന്നു മനസ്സിലാക്കാവുന്നതാണ്. ഇതുപ്രകാരം വില്ലേജുകളിലെ നിലവിലുള്ള അടിസ്ഥാന രേഖയായ തണ്ടപ്പേർ കണക്കുപ്രകാരം കമ്പനിയുടെ കൈവശം 43 194.42.458 ഏക്കർ സ്ഥലമുള്ളതായി കാണുന്നു. ഈ വിസ്തീർണ്ണത്തിൽ 15 786.32.000 ഏക്കർ ഭൂമി മലയാളം പ്ലാന്റേഷൻസ് ലിമിറ്റഡ് (യു.കെ) പേരിലുള്ളതാണ്. ഇതിൽ നിന്നാണ് ? കക്ഷികൾക്കായി 10 005.55.000 ഏക്കർ ഭൂമി കമ്പനി ഇതിനോടകം തന്നെ കൈമാറ്റം നടത്തിയിട്ടുള്ളതുമാണ്. വിവിധ ആധാരങ്ങൾ പ്രകാരം കമ്പനിയുടെ കൈവശമെത്തിചേർന്ന 64 830.07.667 ഏക്കർ ഭൂമിയിൽ വിവിധ പാട്ടാധാരങ്ങളിലൂടേയും, ചാർത്തവധികളിലടേയും 40 975.82.667 ഏക്കർ ഭൂമി പാട്ടമായി ലഭിച്ചതാണ്. ഈ ഭൂമികൾ ഭൂപരിഷ്കരണ നിയമപ്രകാരവും അന്യംനിൽപ്പു നിയമപ്രകാരവും അടിയന്തിരമായി ഏറ്റെടുക്കുന്നതിനായി അതാത് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതാണ്.

2. 1978-ലെ വൈത്തിരി താലൂക്ക് ലാന്റ് ബോർഡിന്റെ താൽകാലിക അസ്സസ്സ്മെന്റിൽ ഏറ്റെടുക്കാൻ ഉത്തരവായ 8 783.96.750 ഏക്കർ ഭൂമിയിൽ നിന്നോ അവസാന നടപടിക്രമത്തിൽ ഏറ്റെടുക്കാൻ ഉത്തരവായ 1 845.22.000 ഏക്കർ ഭൂമിയിൽ നിന്നോ ഒരു സെന്റ് ഭൂമി പോലും നാളിതുവരെ ഏറ്റെടുക്കാൻ താലൂക്ക് ലാന്റ് ബോർഡിന് കഴിഞ്ഞിട്ടില്ല. ഹൈക്കോടതി ഉത്തരവ് പ്രകാരം, പുനഃപരിശോധനയിലൂടെ താലൂക്ക് ലാന്റ് ബോർഡ് അന്തിമവിധി പുറപ്പെടുവിക്കുന്നതിനോടൊപ്പം തന്നെ സമയബന്ധിതമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

3. ബഹു കേരള ഹൈക്കോടതിയുടെ നിർദ്ദേശമനുസരിച്ച് വൈത്തിരി താലൂക്ക് ലാന്റ് ബോർഡ് മിച്ചഭൂമിക്കേസ് പുനഃപരിശോധിക്കുമ്പോൾ ഈ റിപ്പോർട്ടിൽ പരാമർശിച്ച മുഴുവൻ നിർദ്ദേശങ്ങളും പരിഗണിച്ച് അന്തിമ വിധി പുറപ്പെടുവിക്കേണ്ടതാണ്.

4. ഭൂപരിഷ്കരണ നിയമത്തിലെ 72-ാം വകുപ്പ് പ്രകാരം കമ്പനി കൈവശത്തിൽ സ്വകാര്യപാട്ടമായി നിലനിർത്തിയിരിക്കുന്ന 40 975.82.666 ഏക്കർ ഭൂമി സർക്കാരിലേക്ക് ഏറ്റെടുക്കേണ്ടതും അതോടൊപ്പം മലയാളം പ്ലാന്റേഷൻസ് (യു.കെ) പേരിലുള്ള 15786.32.000 ഏക്കർ ഭൂമി അന്യം നിൽപ്പ് ഭൂമിയായി ഏറ്റെടുക്കാനുള്ള നിയമ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

5. പ്രസ്തുത മിച്ചഭൂമിക്കേസ് പരിഗണിക്കുമ്പോൾ ഹാരിസൺസ് മലയാളം പ്ലാന്റേഷൻസ് ലിമിറ്റഡ് അവകാശപ്പെടുന്നതു പോലെ വെറും 5 730.00.000 ഏക്കറിൽ മാത്രമാണ് പ്ലാന്റേഷൻ ഉള്ളതെങ്കിൽ 81-ാം വകുപ്പ് പ്രകാരമുള്ള ഒഴിവാക്കൽ റദ്ദ് ചെയ്ത് ബാക്കി

മുഴുവൻ ഭൂമിയും സർക്കാരിലേക്ക് ഏറ്റെടുക്കേണ്ടതാണ്. അഥവാ ഇതിൽ കൂടുതൽ വിസ്തീർണ്ണം പ്ലാന്റേഷൻ ഉണ്ടെങ്കിൽ തത്തുല്യമായ പ്ലാന്റേഷൻ ടാക്സ് മുൻകാല പ്രാബല്യത്തോടെ കമ്പനിയിൽ നിന്നും ഈടാക്കേണ്ടതാണ്.

6. ഒരിക്കൽ കൂടി സർവ്വെ ചെയ്യേണ്ട സർവ്വെ നമ്പർ, വില്ലേജ് എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വില്ലേജ് | സർവ്വെ നമ്പർ |
|---|---|---|
| 1. | എരുമേലി വടക്ക് | 384, 385 |
| 2. | എരുമേലി തെക്ക് | 357 |
| 3. | തൃക്കൈപ്പെറ്റ | 219/1 |
| 4. | വെള്ളരിമല | കമ്പനി കൈവശമുള്ള മുഴുവൻ ഭൂമിയും |

7. ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ ആസ്ഥാന മന്ദിരം സ്ഥിതി ചെയ്യുന്നതും കൊച്ചിൻ പോർട്ട് ട്രസ്റ്റ് പാട്ടത്തിന് കൊടുത്തതുമായ ഭൂമിയെ സംബന്ധിച്ച് പുന: പരിശോധന അടിയന്തിരമായി നടത്തേണ്ടതാണ്.

8. കമ്പനി മറ്റുള്ളവരുടെ തണ്ടപ്പേരുകളിൽ കരം ഒടുക്കുന്നതും കമ്പനിയിൽ നിന്നും താലൂക്കിൽ ഭൂനികുതി സ്വീകരിക്കുന്നതും അടിയന്തിരമായി അവസാനിപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതാണ്.

9. സംഘം പരിശോധിച്ച 41 വില്ലേജുകളിൽ സ്ഥിരം രജിസ്റ്ററായി എക്കാലവും അമൂല്യമായി സൂക്ഷിക്കേണ്ട സെറ്റിൽമെന്റ് രജിസ്റ്ററും അതിന്റെ അനുബന്ധങ്ങളും വെറും 14 വില്ലേജുകളിൽ മാത്രമേ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളു. ഇത്തരം വിവാദമായ കേസുകളുടെ അന്വേഷണത്തിന് വളരെയധികം സഹായകരമാകേണ്ടിയിരുന്ന ഇത്തരം രജിസ്റ്ററുകളിൽ അവശേഷിക്കുന്നതെങ്കിലും സ്കാൻ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

10. മേലധികാരികളിൽ നിന്നുള്ള നിയമപരമായ അനുവാദമോ ഉത്തരവുകളോ തേടാതെ പകർത്തിയെഴുതപ്പെട്ട റിക്കാർഡുകളിലാണ് ഏറ്റവും കൂടുതലായി കൃത്രിമത്വം നടന്നതായി കാണാൻ കഴിഞ്ഞത്. ഭാവിയിലെങ്കിലും ഇത്തരം ദുഷ്പ്രവണതകൾ ഒഴിവാക്കുന്നതിന് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ വില്ലേജ് തലംവരെ എത്തിക്കേണ്ടതാണ്.

11. പ്ലാന്റേഷൻ ടാക്സ് ആക്ട് നിയമത്തിൽ വിവക്ഷിച്ചിരിക്കുന്ന, വില്ലേജ് ഓഫീസർ വർഷാവർഷം സമർപ്പിക്കേണ്ട വെരിഫിക്കേഷൻ ഫോറം നിർബന്ധമായും ശേഖരിച്ചിരുന്നെങ്കിൽ ഒരു പക്ഷെ ഇത്തരത്തിലുള്ള വൻ നഷ്ടങ്ങൾ ഒഴിവാക്കാമായിരുന്നു. ആയതിനാൽ തോട്ടനികുതി നിർണ്ണയവും അതിന്റെ പിരിവും സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്.

12. മലയാളം പ്ലാന്റേഷൻ ലിമിറ്റഡിന്റെ സമാന സ്വഭാവമുള്ള നിരവധി കമ്പനികൾ കേരളത്തിൽ ഇപ്പോഴും നിർബാധം പ്രവർത്തിച്ചുവരുന്നു. അന്വേഷണത്തിനിടയിൽ വെളിപ്പെട്ട ഇപ്രകാരമുള്ള ചില കമ്പനികളും പ്രസ്തുത കമ്പനികൾ സ്ഥിതി ചെയ്യുന്ന ജില്ലകളും ചുവടെ ചേർക്കുന്നു.

| കമ്പനിയുടെ പേര് | ജില്ല |
|---|---|
| ട്രാവൻകൂർ റബ്ബർ ആന്റ് റ്റീ കമ്പനി | കൊല്ലം, ഇടുക്കി |
| ട്രാവൻകൂർ റ്റീ എസ്റ്റേറ്റ് കമ്പനി | ഇടുക്കി |
| വുഡ്‌ലാന്റ് റ്റീ എസ്റ്റേറ്റ് കമ്പനി | ഇടുക്കി, പത്തനംതിട്ട, വയനാട് |
| മലബാർ റബ്ബർ സിൻഡിക്കേറ്റ് | തൃശ്ശൂർ |
| പോഡാർ പ്ലാന്റേഷൻസ് | വയനാട് |
| ശ്രീവർദ്ധ ട്രസ്റ്റ് | വയനാട് |
| കുറിച്യർമല പ്ലാന്റേഷൻ ലിമിറ്റഡ് | വയനാട് |
| ചെമ്പ്രപീക്ക് എസ്റ്റേറ്റ് കമ്പനി | വയനാട് |
| ചേലോട്ട് എസ്റ്റേറ്റ് | വയനാട് |
| താഹിർ എസ്റ്റേറ്റ് | വയനാട് |
| കോട്ടനാട് എസ്റ്റേറ്റ് | വയനാട് |
| എരുമക്കൊല്ലി എസ്റ്റേറ്റ് | വയനാട് |

മേൽ കമ്പനികളെ സംബന്ധിച്ചും ഇത്തരത്തിലുള്ള അന്വേഷണം നടത്തുന്നത് കൂടുതൽ കാര്യക്ഷമമായ റവന്യൂ ഭരണത്തിന് വഴിവെക്കുമെന്നതിൽ സംശയമില്ല.